(സി) ഇതിനകം എത്തെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി;

(ഡി) ബാക്കിയുള്ളവ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-1982-ൽ

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇവയിൽ പലതും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പ്രത്യേക സമയപരിധി പറയുവാൻ സാധിക്കുകയില്ല.

ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച തുക

332 [363] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85, 85.86, 86-87 എന്നീ വർഷങ്ങളിൽ ഹരിജനോദ്ധാരണത്തിനായി കേന്ദ്രം എത്ര സംഖ്യ സംസ്ഥാനത്തിനു അനുവദിച്ചു;

(ബി) ഇതിൽ തുക ലാപ്സായിട്ടുണ്ടോ; ഉണ്ടെങ്കിൽ ലാപ്സായ സംഖ്യ എത്ര;

(സി) ലാപ്സാകുവാനുണ്ടായ കാരണമെന്താണ്;

(ഡി) ഇതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടികളാണ് എടുത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

	വർഷം	അനുവദിച്ച തുക (സംഖ്യ ലക്ഷത്തിൽ)
(എ)	1984-85	319.20
	1985-86	347.97
	1986-87	400.04

(ബി) ഇല്ല.

(സി, ഡി) ഉദിക്കുന്നില്ല.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ പ്രമോഷനുള്ള യോഗ്യത

333 [364] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ എത്രപേർ ജോലിനോക്കുന്നുണ്ട്;

(ബി) ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവരെത്ര;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെടാത്തവർ ഡിപ്പാർട്ടുമെൻറൽ ടെസ്റ്റുകളും പാസ്സായവരാണോ;

(ഡി) സംസ്ഥാനത്തെ മറ്റെല്ലാ കോർപ്പറേഷനുകളും ബോർഡുകളും പ്രൊമോഷൻതസ്തികകൾക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റുകളും ബാധകമാക്കിയിരിക്കെ, ഈ കോർപ്പറേഷനിൽമാത്രം ഡിപ്പാർട്ടുമെൻറൽ ടെസ്റ്റുകളും ബാധകമാക്കാത്തതിൻെറ കാരണമെന്ത്;

(ഇ) ഇതുമൂലം പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള ഈ കോർപ്പറേഷനിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രൊമോഷൻ സാദ്ധ്യതകളും കുറയുകയും മറ്റുള്ളവർ കൂടുതൽ ആനുകൂല്യങ്ങളും തട്ടിയെടുക്കുകയും ചെയ്യുന്നുവെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) മറ്റുള്ള സ്ഥാപനങ്ങളിലെപ്പോലെ ഈ കോർപ്പറേഷനിലും ജൂനിയർസൂപ്രണ്ട്/അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ, തസ്തികകൾക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റ് ബാധകമാക്കുകയും ടെസ്റ്റ് പാസ്സാകാത്ത പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവരെ തരംതാഴ്ത്തുകയും, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അസിസ്റ്റൻറ് അക്കൗണ്ടൻറുമാരെ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഇളവു കല്പിച്ച് സ്ഥാനക്കയറ്റം നൽകുകയും ചെയ്യാൻ കോർപ്പറേഷനു നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 12.

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ആരുമില്ല.

(സി) ഈ തസ്തികകൾക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റുകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

(ഡി) സീനിയോറിറ്റിയുടെമാത്രം അടിസ്ഥാനത്തിൽ നിശ്ചിത പരിചയമുള്ള അസിസ്റ്റൻറുമാരിൽനിന്നും പ്രൊമോഷൻ നൽകുന്ന ഒരു തസ്തികയാണിത്. മറ്റെല്ലാ കോർപ്പറേഷനിലും ബോർഡിലും ഡിപ്പാർട്ടുമെൻറൽ ടെസ്റ്റ് ബാധകമാക്കിയിട്ടുണ്ടോയെന്നറിയില്ല.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകളും ഇതുമൂലം തടസ്സപ്പെട്ടിട്ടില്ല.

(എഫ്) ജൂനിയർ സൂപ്രണ്ട്/അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ പ്രത്യേക ടെസ്റ്റ് കാലിഫിക്കേഷൻ നിശ്ചയിക്കേണ്ട ആവശ്യമില്ല. ടെസ്റ്റ് ബാധകമാക്കി ടെസ്റ്റ് പാസ്സാകാത്ത പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്തവരെ തരംതാഴ്ത്തി പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അസിസ്റ്റൻറ് അക്കൗണ്ടൻറുമാരെ ടെസ്റ്റ് പാസ്സാകുന്നതിൽനിന്നും ഇളവു കല്പിച്ച് സ്ഥാനക്കയറ്റം നൽകുന്ന നടപടി ശരിയായിരിക്കുകയില്ല.

വയനാട് പോളിടെക്നിക്കിലെ സ്റ്റൈപ്പൻറു വിതരണം

334 [365] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വയനാട് ഗവൺമെൻറ് പോളിടെക്നിക്കിൽ സ്റ്റൈപ്പൻറിന അർഹതയുള്ള ചില വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഏഴുമാസമായി

LIBRARY ARCHIVES Kerala Legislative Assembly